പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 163** **22-06-2026-ൽ മറുപടിയ്ക്ക്**

**കൊല്ലം മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനവും പുതിയ തസ്തിക സൃഷ്ടിക്കലും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ബി. ബി. ഗോപകുമാർ ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കൊല്ലം മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തുന്ന അവശരായ രോഗികൾക്കായുള്ള ലിഫ്റ്റ് സൗകര്യം, അപകടങ്ങളിൽപെട്ട് എത്തുന്നവർക്കായുള്ള അടിയന്തര ചികിത്സാ സൗകര്യം, സിസേറിയൻ ഉൾപ്പെടെയുള്ള പ്രസവചികിത്സാ സൗകര്യങ്ങൾ തുടങ്ങിയവ മെച്ചപ്പെടുത്തി ആയതിനെ രാജ്യാന്തര നിലവാരമുള്ള ആശുപത്രിയായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**മറുപടി:** കൊല്ലം മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തുന്ന അവശരായ രോഗികൾക്കായുള്ള ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട് . കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഒരു ലിഫ്റ്റ് ഒഴികെ ബാക്കി എല്ലാ ലിഫ്റ്റുകളും നിലവിൽ പ്രവർത്തനക്ഷമമാണ്. തകരാറ് സംഭവിച്ച ലിഫ്റ്റ് പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ അപകടങ്ങളിൽപ്പെട്ട് എത്തുന്ന രോഗികൾക്ക് നിലവിൽ ലഭ്യമായ എല്ലാ അടിയന്തിര ചികിത്സകളും നൽകി വരുന്നു. കിടത്തി ചികിത്സ ആവശ്യമായി വരുന്ന രോഗികളെ അഡ്മിറ്റ് ചെയ്ത് തുടർ ചികിത്സ നൽകി വരുന്നു. സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായി ആരംഭിച്ചിട്ടുള്ള ന്യൂറോളജി, ന്യൂറോ സർജറി, കാർഡിയോളജി നെഫ്രോളജി, പ്ലാസ്റ്റിക് സർജറി തുടങ്ങിയ വിഭാഗങ്ങളിൽ വിദഗ്ധ ചികിത്സ വേണ്ടി വരുന്ന രോഗികളെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുന്നു. കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സിസേറിയൻ ഉൾപ്പെടെയുള്ള പ്രസവചികിത്സാ സൗകര്യങ്ങൾ നിലവിലുണ്ട് .അതോടൊപ്പം പ്രസവ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തി (respectful Maternity care) എല്ലാ ഗർഭിണികൾക്കും ലഭിക്കുന്നതിനായി ലക്ഷ്യ എന്ന പ്രോജക്ട് (Labour Room Quality Improvement Initiative) ആരംഭിച്ചിട്ടുണ്ട്. കൊല്ലം മെഡിക്കൽ കോളേജിൽ ട്രോമകെയർ വാർഡ് അറ്റ് ഐ പി ഡി ബ്ലോക്കിന് 22/03/2018 – ലെ സ.ഉ(സാധാ) നം.967/2018/ ആ.കു.വ പ്രകാരം 5 കോടിയുടെ ഭരണാനുമതിയും 07/08/2021-ലെ സ.ഉ(സാധാ) നം.1696/2021/ ആ.കു.വ പ്രകാരം 3,10,00,000/- രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇലക്ട്രിക്കൽ വർക്കുകൾക്കുള്ള ഭരണാനുമതി കൂടി ലഭ്യമാക്കി ട്രോമാകെയർ സെന്റർ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ PMABHIM പദ്ധതിയുടെ ഭാഗമായി 23.75 കോടി രൂപ ക്രിട്ടിക്കൽ കെയർ ബ്ലോക്കിന്റെ നിർമ്മാണത്തിന് ലഭ്യമാകുകയും ആയതിന്റെ നിർമ്മാണ പ്രവർത്തികൾ അന്തിമഘട്ടത്തിലുമാണ് .

കൊല്ലം സർക്കാർ മെഡിക്കൽ കോളേജിന്റെ തുടർ വികസനത്തിന് അധികമായി 20 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പാരിപ്പള്ളി വില്ലേജിൽ മെഡിക്കൽ കോളേജിനോട് ചേർന്ന് ബ്ലോക്ക് നം. 39 ലെ ഭൂമിയാണ് ഏറ്റെടുക്കാൻ തീരുമാനിച്ചിരിക്കുന്നത്.

ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിലും സർക്കാർ പദ്ധതികളുടെ അടിസ്ഥാനത്തിലും കൊല്ലം മെഡിക്കൽ കോളേജിന്റെ തുടർ വികസനം സാധ്യമാകുന്നതാണ് .

**(ബി)** കൊല്ലം മെഡിക്കൽ കോളേജിന്റെ വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** നഴ്സിംഗ് കോളേജിന്റെ സ്ഥലം ഏറ്റെടുക്കൽ വേഗത്തിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്നും സ്ഥലം ഏറ്റെടുക്കൽ എത്ര ദിവസത്തിനുള്ളിൽ പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ;

**മറുപടി:** കൊല്ലം സർക്കാർ നഴ്സിംഗ് കോളേജിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്നും സ്ഥലം വിട്ടു നൽകാൻ തയ്യാറായ ഉടമസ്ഥരുടെ വിവരങ്ങൾ ലഭ്യമാക്കിയിരുന്നു. ആയതു പ്രകാരം ടി കോളേജിലെ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും അവയുടെ കരം തീരുവ ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാൻ നിർദേശം നൽകി. തുടർന്ന് വസ്തു ഉടമകൾ കരം തീരുവയും, വസ്തു വിട്ടു നൽകാമെന്ന് സമ്മതിച്ചുകൊണ്ടുള്ള കത്തും മറ്റ് വിവരങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ആയതു സംബന്ധിച്ച് ജില്ലാ കളക്ടർക്ക് 05/02/2026 തീയതി പ്രകാരം കത്ത് നൽകിയിട്ടുണ്ട്. ആയതിനുള്ള മറുപടിയായി 16/03/2026 തീയതിയായി കളക്ടറുടെ ഓഫീസിൽ നിന്നും ഏറ്റെടുക്കേണ്ട ഭൂമിയുടെ വില നിർണ്ണയിക്കുന്നതിനായി ഫോറം നമ്പർ 1 ൽ സർവ്വേ നമ്പർ, ഏറ്റെടുക്കേണ്ട ഭൂമിയുടെ വിസ്തീർണ്ണം, അലൈൻമെന്റ്, സ്കെച്ച് എന്നിവ ഉൾപ്പെടുത്തി അപേക്ഷ Annexure 1 -ൽ ലഭ്യമാക്കുവാൻ നിർദേശം ലഭിച്ചിരുന്നു. ടി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ സ്ഥല ഉടമസ്ഥരിൽ നിന്നും പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കി 07/05/2026 തീയതിയിലെ കത്തു മുഖാന്തിരം ജില്ലാ കളക്ടർക്ക് മറുപടി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കളക്ടറുടെ ഓഫീസ് ഉത്തരവ് നമ്പർ DCKLM/2794/26/LA2 തീയതി 09/06/2026 പ്രകാരം നെഗോഷ്യേറ്റട് പർച്ചേസ് വ്യവസ്ഥയിൽ കൊല്ലം സർക്കാർ നഴ്സിംഗ് കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായി കൊല്ലം സ്പെഷ്യൽ തഹസീൽദാർ എൽ എ നമ്പർ - 1നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**(ഡി)** എത്ര പുതിയ തസ്തികകളാണ് സൃഷ്ടിക്കുന്നതെന്നും പുതുതായി സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്ന തസ്തികകൾ, ആവശ്യകത എന്നിവ സംബന്ധിച്ചുള്ള വിവരങ്ങളും ലഭ്യമാക്കാമോ?

**മറുപടി:** കൊല്ലം മെഡിക്കൽ കോളേജിൽ ഏറ്റെടുത്ത കാലഘട്ടത്തിൽ സൃഷ്ടിച്ച തസ്തികൾക്കൊപ്പം 21/12/2023-ലെ സ.ഉ(കൈ) നം.346/2023/ആ.കു.വ പ്രകാരം 29 അദ്ധ്യാപക തസ്തികകൾ കൂടി അനുവദിച്ചിട്ടുണ്ട്. കൊല്ലം സർക്കാർ നഴ്സിംഗ് കോളേജിനു വേണ്ടി INC, KNMC, KUHS എന്നിവയുടെ റെഗുലേഷൻ പ്രകാരമുള്ള അദ്ധ്യാപകരുടെയും അനധ്യാപകരുടെയും തസ്തികകൾ സൃഷ്ടിക്കുന്നതിനു വേണ്ടി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു

**സെക്ഷൻ ഓഫീസർ**